(സി) കായംകുളം (എൻ. ടി. പി. സി.) പദ്ധതിയുടെ സ്ഥാപിത ശേഷി 350 M. W.-ൽനിന്നും 2300 M.W. ആയി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കെ. എസ്. ഐ. ഡി. സി.-യും എൻ. ടി. പി. സി.-യും ധാരണാപത്രത്തിൽ ഒപ്പിടുകയുണ്ടായി. ധാരണാപത്രം അനുസരിച്ച് പദ്ധതി നിർവ്വഹണത്തിനാവശ്യമായ എല്ലാവിധ സഹായസഹകരണങ്ങളും കെ. എസ്. ഐ. ഡി. സി. നൽകുന്നതോടൊപ്പം കേന്ദ്ര സംസ്ഥാന സർക്കാരുകളിൽനിന്നും ലഭിക്കേണ്ടുന്ന അനുവാദങ്ങളും അനുമതികളും നേടിക്കൊടുക്കുന്നതുമാണ്.

വീട്ടാവശ്യത്തിന് ഉപയോഗിക്കുന്ന വെള്ളത്തിന് സെസ്സ് ഏർപ്പെടുത്തുന്ന നടപടി

*17 [197] ഡോ. തോമസ് ഐസക്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനങ്ങൾ വീട്ടാവശ്യത്തിന് ഉപയോഗിക്കുന്ന വെള്ളത്തിന് സെസ്സ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഇത്തരമൊരു ശുപാർശ ഏത് ഏജൻസിയിൽനിന്നാണ് സർക്കാരിന് ലഭ്യമായതെന്ന് വെളിപ്പെടുത്താമോ;

(സി) ഇതു സംബന്ധിച്ച ശുപാർശയുടെ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) എല്ലാ വിഭാഗം ജനങ്ങൾക്കും കുടിവെള്ളം എത്തിക്കുവാനുള്ള ഉത്തരവാദിത്വത്തിൽനിന്നും സർക്കാർ പിൻവാങ്ങുന്നതിന്റെ ആദ്യപടിയാണ് ഈ നടപടിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ നടപടി പിൻവലിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഇല്ല.

(ബി—ഇ) ചോദ്യം ഉദിക്കുന്നില്ല.

കേന്ദ്രത്തിന് സമർപ്പിച്ച വിനോദസഞ്ചാര വികസന പദ്ധതികൾ

*18 [198] ശ്രീ. എ. സുജനപാൽ:
„ ഡി. സുഗതൻ:
„ വി. ബാലറാം:
„ എം. പി. ഗംഗാധരൻ:
„ കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദ സഞ്ചാര വികസനത്തിനുള്ള പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly